ശ്രീ. വി. കൃഷ്ണൻനായർ: എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ളവർ ടൈയിനിംഗിനുപോകാൻ തയ്യാറാണെങ്കിൽ അവർക്ക് മുൻഗണനകൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: (സി) യുടെ ഉത്തരത്തിൽ ഞാൻ ഇതിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. കെ. ശേഷൻ: ടി. ടി. സി. ക്ക് പോകാൻ നിവൃത്തിയില്ലാതിരിക്കുകയും തൊഴിലില്ലാതിരിക്കുകയും ചെയ്യുന്ന പേരെ കുറെ ആളുകളുമുണ്ട്. അവരുടെ കാര്യത്തിൽ എന്തുചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അവരെ സംബന്ധിച്ചിടത്തോളം എന്തു ചെയ്യാൻകഴിയുമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: കഴിഞ്ഞ മാർച്ചുമാസത്തിൽ വിദ്യാഭ്യാസനവീകരണംസംബന്ധിച്ച ഒരു സെമിനാർ ഗവണ്മെൻറുനേതൃത്വത്തിൽ സംഘടിപ്പിക്കുകയും ആ സെമിനാറിൽ പൊന്തിവന്ന പ്രശ്നങ്ങൾക്ക് എത്രയുംവേഗം പരിഹാരം കാണേണ്ടതാണെന്നും തീരുമാനിക്കുകയും ചെയ്തു. അതിൻെറ അടിസ്ഥാനത്തിൽ ക്രാഫ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനെസംബന്ധിച്ച് വല്ല നടപടിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഈ പ്രശ്നം ഉണ്ടാകുന്നതിനു മുമ്പാണ് സെമിനാർ നടന്നതു്. അതിനുശേഷം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെസംബന്ധിച്ചുകൂടി ചർച്ചചെയ്യുന്നതിനു് വീണ്ടും ഒരു സെമിനാർ വിളിച്ചുകൂട്ടാൻ ഉദ്ദേശിച്ചിരുന്നതാണ്. പക്ഷേ, മറുജോലിത്തിരക്കുകൾ കാരണം അതിനു കഴിയാതെപോയി. ഈ നിയമസഭാസമ്മേളനംതന്നെ നീണ്ടുപോകാനാണ് സാദ്ധ്യത. ഏതായിരുന്നാലും സമ്മേളനംകഴിയുന്നതിനുമുമ്പ് ഇതുസംബന്ധിച്ച് ഒരു തീരുമാനമെടുക്കാമെന്നു വിചാരിക്കുകയാണ്.

ശ്രീ. പി. കുഞ്ഞൻ: ടി. ടി. സി. ക്ക് പോകാൻ സാദ്ധ്യമല്ലാത്ത ക്രാഫ്റ്റ് ടീച്ചേഴ്സിനെ ഇത്ര കൂട്ടികളുണ്ടെങ്കിൽ നിയമിക്കാം എന്ന വ്യവസ്ഥയിലെങ്കിലും എന്തെങ്കിലും ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇപ്പോൾ പുതുതായി ക്രാഫ്റ്റ് ടീച്ചേഴ്സിനെ നിയമിക്കുകയില്ലെന്നു് ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. എൻ. കെ ശേഷൻ: ഒരു വിദ്യാഭ്യാസജില്ലയിൽ ജോലിയില്ലാത്ത ക്രാഫ്റ്റ് അദ്ധ്യാപകനെ മറെറാരു ജില്ലയിലേക്ക് മാറുമ്പോൾ അവിടെ അയാൾക്ക് ജോലിയില്ലാതെ വരാതിരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ശ്രീ. സി. എച്ച് മുഹമ്മദ്കോയ: പോസ്റ്റോട്ടുകൂടിയാണ് ക്രാഫ്റ്റദ്ധ്യാപകന്മാരെ മാറുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ഇല്ലെങ്കിൽ അവർക്ക് ജോലിയില്ലാതെവരും.

പെൺകുട്ടികളെ കയററി അയയ്ക്കുന്ന ഏജൻസി

* 54. [140] ശ്രീ. കെ. ഐ. രാജൻ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽനിന്നും വിദേശങ്ങളിലേയ്ക്ക് പെൺകുട്ടികളെ കയററി അയയ്ക്കുന്ന ചില ഏജൻസികളും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : ഇല്ല. എന്നാൽ കേരളത്തിലെ ചില കത്തോലിക്കാ മതാദ്ധ്യക്ഷന്മാരും, ചില സ്ഥാപനങ്ങളും ജർമ്മനി, റോം മുതലായ സ്ഥലങ്ങളിലേക്ക് ചില കത്തോലിക്കാ പെൺകുട്ടികളെ പഠിപ്പിക്കുന്നതിനും കന്യാസ്ത്രീകൾക്കുള്ള പരിശീലനത്തിനുംവേണ്ടി അയച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ഐ. രാജൻ : അങ്ങനെ അയക്കപ്പെട്ടിട്ടുള്ള കുട്ടികൾ നിശ്ചിത സമയത്തിനുള്ളിൽ തിരിയെ എത്താത്തതുകൊണ്ട് മാതാപിതാക്കന്മാർക്ക് വളരെയധികം പരാതികളുണ്ട്. അങ്ങനെ വല്ല പരാതിയും ഗവണ്മെൻറിനു കിട്ടിയാൽ അതിനെപ്പറ്റി അന്വേഷിച്ച് മാതാപിതാക്കന്മാരുടെ പരാതിക്ക് തൃപ്തികരമായ പരിഹാരം കാണാൻ തയ്യാറാകുമോ?

ശ്രീമതി. കെ. ആർ. ഗൗരി: അങ്ങനെ പരാതി കിട്ടിയിട്ടുള്ളതായി അറിവില്ല. പരാതി കിട്ടിക്കഴിഞ്ഞാൽ ആലോചിച്ചു വേണ്ടതു ചെയ്യാം.

ശ്രീ. കെ. ഐ. രാജൻ: പാർലമെൻറിൽ ഈ കാര്യം ഉന്നയിച്ചപ്പോൾ അതു ഗൗരവതരമായ പ്രശ്നമാണെന്നും അതുകൊണ്ട് ശക്തിയായ നടപടികൾ സ്വീകരിക്കുന്നതാണെന്നു പറയുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോട്ടയത്തെ ഒരു പുരോഹിതൻ സ്വാധീനം ചെലുത്തി അതു സംബന്ധിച്ച നടപടികൾ നിറുത്തി വയ്പിച്ചതായി അറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ഇല്ല.

ശ്രീ. കെ. എം. ജോർജ്ജ്: കത്തോലിക്കാ കന്യകകൾ സന്യാസ സഭയിൽ ചേരുന്നതോ അല്ലെങ്കിൽ വിദ്യാഭ്യാസത്തിനു പോകുന്നതോ സംബന്ധിച്ച വല്ല പരാതിയും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: എന്റെ കൈവശമുള്ള രേഖകളിൽ പരാതികിട്ടിയതായി കാണുന്നില്ല. അതുകൊണ്ടാണ് ഞാൻ ഒന്നും പറയാതിരുന്നത്. പരാതി കിട്ടിയാൽ അന്വേഷിക്കുന്നതാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: നല്ല ശമ്പളം നൽകാമെന്നു പറഞ്ഞ് ചില ആളുകൾ യുവതികളെ അറേബ്യൻ രാജ്യങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നതായിട്ടറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: അത് പെൺകുട്ടികളെയല്ല, ആണുങ്ങളെയാണ്.

ശ്രീ. കെ. എം. മാണി: കേന്ദ്ര ഗവണ്മെൻറിന്റെ പാസ്പോർട്ടോടുകൂടിയും മാതാപിതാക്കന്മാരുടെ അനുമതിയോടുകൂടിയും പോകുന്നവരുടെ കാര്യത്തെപ്പറ്റിയല്ല ഇവിടെ ചോദിച്ചിരിക്കുന്നത്. നേരേമറിച്ച് അങ്ങനെ മറേതെങ്കിലും ഏജൻസികൾ യുവതികളെ കൊണ്ടുപോകുന്നുണ്ടോയെന്നാണ്?

ശ്രീമതി കെ. ആർ. ഗൗരി: അതാണ് ഇല്ലെന്നു പറഞ്ഞത്. മറേറത്, രണ്ടാമത് ഒരു ചോദ്യം ഉണ്ടാകാതിരിക്കാൻവേണ്ടി പറഞ്ഞതാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: കത്തോലിക്കാപുരോഹിതന്മാർ പെൺകുട്ടികളെ കന്യാസ്ത്രീകളാക്കാനും മറും അന്യരാജ്യങ്ങളിലേക്ക് അയയ്ക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വിദേശസ്ഥാനപതികളോടുകൂടി അന്യരാജ്യങ്ങളിൽ, ജർമ്മനി, ഇറലി, ഫ്രാൻസ് മുതലായ രാജ്യങ്ങളിൽപോയി ഉന്നതബിരുദങ്ങളും നേടുകയും തിരിച്ചുവന്ന് ഇവിടെ പലവിധത്തിലുള്ള സേവനങ്ങളും നടത്തുകയും ചെയ്യുന്ന ഇവരെ പ്രോൽസാഹിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: അതു മതസ്ഥാപനങ്ങളും മറും ചെയ്യേണ്ടതാണ്. ഗവണ്മെൻറു ചെയ്യേണ്ടതല്ല. ഗവണ്മെൻറിന് ഒരു വിഭാഗമതക്കാർക്കുവേണ്ടി പ്രവർത്തിക്കാൻ പറ്റുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസിക്കുട്ടി: പെൺകുട്ടികളും വിദേശരാജ്യങ്ങളിലേക്കു പോകുന്നതിൽ ബഹുമാനപ്പെട്ട രാജനു് വല്ല നിരാശയുമുണ്ടായിട്ടുണ്ടോ എന്നുള്ളതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. കെ. ഐ. രാജൻ: എനിക്കു് യാതൊരു നിരാശയുമില്ല. മെമ്പർക്കുണ്ടോയെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറന്മാർ തമ്മിൽ പെൺകുട്ടികളുടെ കാര്യം പറഞ്ഞു തക്കിക്കുന്നതെന്തിനാണു്.

മി. സ്പീക്കർ: 141-ാ മത്തെ ചോദ്യത്തിൽ 5-8-1969-ൽ മറുപടിപറഞ്ഞിട്ടുള്ളതാണു്. ചോദ്യം നമ്പർ 142.

സ്വകാര്യവനങ്ങളും ഗവണ്മെൻറു് ഏറ്റെടുക്കുന്നതിനാവശ്യമായ നിയമനിർമ്മാണ പ്രവർത്തനങ്ങളും

* 55 [142] ശ്രീ. കെ. ശേഖരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി പറയുമോ:

(എ) സ്വകാര്യവനങ്ങളും ഗവണ്മെൻറു് ഏറ്റെടുക്കുന്നതിനാവശ്യമായ നിയമ നിർമ്മാണ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കെ സ്വകാര്യവന ഉടമകൾക്കു് വനം വെട്ടിവെളുപ്പിക്കാൻ പെർമിറു കൊടുക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു്?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ എം. കെ. കൃഷ്ണൻ)

(എ) ഉണ്ടു്.

(ബി) നിലവിലുള്ള നിയമത്തിനു വിധേയമായിട്ടാണു് പെർമിറു നൽകുന്നതു്.

ശ്രീ. കെ. ശേഖരൻനായർ: കൊയിലാണ്ടിതാലൂക്കിലുള്ള പേരാംപ്ര എന്ന സ്ഥലത്തു പാറുക്കുട്ടി മൂപ്പിലമ്മ എന്ന ഒരു സ്ത്രീക്കും ആദ്യം 75 ഏക്കർ സ്ഥലത്തെമരം മുറിച്ചുനീക്കാൻ പെർമിറു കൊടുക്കുകയും പിന്നീടു അവർ സ്വാധീനശക്തിയുപയോഗിച്ചു 200 ഏക്കർ സ്ഥലത്തെ മരം മുറിക്കാനുള്ള അനുവാദം കരസ്ഥമാക്കുകയും അതുപയോഗിച്ചു 400 ഏക്കർ സ്ഥലത്തെ മരം മുറിക്കുകയും ചെയ്തു. അതിനെത്തുടർന്നു പരാതികളുണ്ടായപ്പോൾ ഫോറസ്റ്റു് ഉദ്യോഗസ്ഥന്മാർ അതിനെ തടഞ്ഞുവച്ചു. അപ്പോൾ സെക്രട്ടേറിയറ്റിൽനിന്നും പ്രത്യേക കല്പന പുറപ്പെടുവിച്ചു മരം കൊണ്ടുപോകാനുള്ള അനുവാദം കൊടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ എം. കെ. കൃഷ്ണൻ: കേസ്സിന്റെ വിശദവിവരങ്ങൾ ഇപ്പോൾ കൈവശമില്ല; ഓർമ്മയിൽനിന്നു പറയാം. നിയമപ്രകാരമുള്ള പെർമിറു് മാത്രമേ ഈ പ്രത്യേക കേസിൽ ഗവണ്മെൻറു് നൽകിയിട്ടുള്ളു. അങ്ങനെകൊടുക്കുന്ന പെർമിറുകളിൽ ഏതെങ്കിലും പെർമിറു് മിസ്സ്യൂസ് ചെയ്യുകയോ മറേറാ ചെയ്താൽ അതിനു വേണ്ട നടപടികളെടുക്കാൻ എം. പി. പി. ആക്ടിൽ. ആക്ടിൽ പ്രത്യേക വ്യവസ്ഥകളുണ്ടു്. അതു പ്രകാരം ഗവണ്മെൻറു് നടപടികളും സ്വീകരിച്ചിട്ടുണ്ടു്. ഗവണ്മെൻറിന്റെ നടപടി കേരള ഹൈക്കോടതി ശരിവച്ചിട്ടുമുണ്ടു്.

ശ്രീ. കെ. ശേഖരൻനായർ: ഹൈക്കോടതിയുടെ തീരുമാനമെന്താണെന്നെനിക്കറിയേണ്ട. സെക്രട്ടേറിയറ്റിൽനിന്നു് 8-4-1969 ൽ 2046/എഫ് 4/69/എഡി. നമ്പരായി ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ടു്. പുതുതായും തിരക്കുകൂട്ടി കല്പന പുറപ്പെടുവിക്കാനുണ്ടായ കാരണം എന്താണു്?

LIBRARY ARCHIVES Kerala Legislative Assembly